**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 516** **09-08-2023 - ൽ മറുപടിയ്ക്ക്**

**കാസറഗോഡ് ചട്ടഞ്ചാൽ ടാറ്റാ ആശുപത്രി അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ, കാസറഗോഡ് ചട്ടഞ്ചാൽ ടാറ്റാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യവും ചികിത്സാ സൗകര്യങ്ങളും വർദ്ധിപ്പിക്കുമെന്ന് പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | 2023-24 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ, കാസറഗോഡ് ടാറ്റാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യവും ചികിത്സാ സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് പരാമർശിച്ചിട്ടുണ്ട്. ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപന പ്രകാരം തുക അനുവദിക്കുന്നതിനായി ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ അനുമതിയോടുകൂടി ലഭ്യമാക്കുന്ന ടി പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിൽ പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. |
| (ബി) | ഇതിനായി എന്തെങ്കിലും തുക നീക്കിവെച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | കാസറഗോഡ് ടാറ്റാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യവും ചികിത്സാ സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനായി, 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിലവിൽ തുക വകയിരുത്തിയിട്ടില്ല. ടി പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് പരിശോധിച്ച്, അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ